UNSTARRED QUESTIONS POSTED FOR ANSWER ON 8-3-1956.

Educational concessions.

75. [7] SHRI A. A. D. LUIZ : Will the Chief Minister be pleased to state :

(a) whether the educational concessions available to the Other Backward Communities will be continued after 1960 ;

(b) whether they have been consulted by the Government of India with regard to the continuance of educational grants to Scheduled Castes and Scheduled Tribes after 1960 ? State briefly the opinion expressed by this Government ?

Answer.

(a) This is a question of policy which can be decided only according to the circumstances prevailing in 1960.

(b) No consultation was made by the Government of India in the matter.

രണ്ടാം പഞ്ചവത്സരപദ്ധതിക്കു വേണ്ട പണം.

76. [26] പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിക്കു് ആവശ്യമായ തുകയിൽ സംസ്ഥാനത്തുനിന്നു ഉണ്ടാകേണ്ട അംശം എത്ര ;

(ബി) ആ തുക എതെല്ലാം മാർഗ്ഗങ്ങളിൽക്കൂടി ശേഖരിക്കാനാണുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; പുതിയ നികുതികൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നോ എങ്കിൽ ഏതെല്ലാം നികുതികൾ. എതെല്ലാം നികുതിനിരക്കു വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) പ്രത്യക്ഷനികുതികൾ ഏർപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏവ; അതിൽനിന്നു എത്ര തുക കിട്ടുമെന്നു കണക്കാക്കുന്നു. പരോക്ഷനികുതികൾ ഏർപ്പെടുത്തുന്നുവോ; അതിൽനിന്നു് എത്ര പിരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) മൈസൂർ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതുപോലെ ബ്രിട്ടീഷുകാരുടെ തോട്ടങ്ങൾ ദേശസാൽക്കരിക്കാൻ നിയമം കൊണ്ടുവന്നതുപോലെ ബ്രിട്ടീഷുകാരുടെ തോട്ടങ്ങൾ ദേശസാൽക്കരിച്ചു പണം ശേഖരിക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം.

(എ) 30 കോടി രൂപ.

(ബി) ഈ തുക താഴെ പറയുന്ന മാർഗ്ഗങ്ങളിൽക്കൂടി ഉണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. നിലവിലുള്ള നികുതിനിരക്കനുസരിച്ച് പ്ലാനിലേക്കുള്ള വിഹിതം 12 കോടി രൂപ.

2. നികുതിവർദ്ധനവിൽനിന്നു പ്രതീക്ഷിക്കുന്ന തുക 4.8 കോടി രൂപ.

3. പൊതുജനങ്ങളിൽനിന്നു വായ്പ 11.0 കോടി രൂപ.

4. ഗവണ്മെൻറനിക്ഷേപങ്ങൾ വിപ്ലവ 2.0 കോടി രൂപ.

പുതുതായി Betterment levy ഏർപ്പെടുത്തി 0.30 കോടി രൂപ ശേഖരിക്കാമെന്നും പ്രതീക്ഷിക്കുന്നുണ്ട്. താഴെ പറയുന്ന ഇനങ്ങളിൽ വർദ്ധിപ്പിച്ച നിരക്കിൽ 4.5 കോടി രൂപയും പ്രതീക്ഷിക്കുന്നു.

1.	വിപ്ലവനികുതി	0.9	കോടി രൂപ.
2.	കാർഷികാദായനികുതി	0.3	,,
3.	മുദ്രനികുതി	0.8	,,
4.	ജലനിരക്ക് (water rates)	0.7	,,
5.	ബസ്സുകളിൽ	1.8	,,
		4.5	

(സി) ബി വകുപ്പിൻെറ ഉത്തരത്തിൽനിന്നും ഈ വകുപ്പിനും ഉത്തരം ലഭിക്കുന്നതാണ്.

(ഡി) ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 12-3-56.

അക്രഡിറ്റഡ് പത്രങ്ങൾ.

77. [1] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു് ആകെ എത്ര അക്രഡിറ്റഡ് പത്രങ്ങൾ ഇപ്പോഴുണ്ടു് ?

ഉത്തരം.

പതിനെട്ടു ദിനപ്പത്രങ്ങൾക്കും എട്ടു വാരികകൾക്കും അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടു്.

ക്രഡിറ്റബാങ്കു് വായ്പകൾ.

78. [2] ശ്രീ. ടി. ഒ. ബാവ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ ക്രഡിറ്റ ബാങ്കിൽനിന്നും 1954-55-ൽ എത്ര കടംവായ്പകൾ നൽകിയിട്ടുണ്ടു് ;

(ബി) 1954-55-ൽ മൊത്തം വായ്പ കൊടുത്ത തുക എന്തു് ;

(സി) 5000 രൂപയും അതിൽ താഴെയുമായി എത്ര വായ്പ കൊടുത്തിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly